# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.07.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. വയനാട് ഉരുൾപ്പൊട്ടലിൽ ഇതുവരെ 400 പേരെ രക്ഷപ്പെടുത്തി. രണ്ടാംദിനമായ ഇന്ന് രാവിലെ രക്ഷാപ്രവർത്തനം പുനരാരംഭിച്ചു. സ്ഥിരീകരിച്ചത് 135 മരണം.

   **Kerala is facing the biggest landslide disaster in its history. 400 people have been rescued so far in Wayanad landslides; the rescue operation resumed this morning. the death toll has touched 135.**

2. മുഖ്യമന്ത്രി പിണറായി വിജയനും ഗവർണർ ആരിഫ് മുഹമ്മദ് ഖാനും ഇന്ന് ചൂരൽമലയിലെ ദുരന്തമേഖല സന്ദർശിക്കും.

   **Chief Minister Pinarayi Vijayan and Governor Arif Mohammad Khan will visit the disaster area of Churalmala today.**

3. വയനാട് ദുരന്തത്തിൽ കേരളത്തിന് എല്ലാ സഹായവും ഉറപ്പ്നൽകി കേന്ദ്ര സർക്കാർ; ആഭ്യന്തര മന്ത്രാലയം സ്ഥിതിഗതി 24 മണിക്കൂറും നിരീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി ജോർജ് കുര്യൻ.

   **The central government has assured all assistance to Kerala in the Wayanad disaster; Union Minister George Kurien said that the Ministry of Home Affairs is monitoring the situation.**

4. വടക്കൻ കേരളത്തിൽ അതിതീവ്രമഴ തുടരും; അഞ്ച് ജില്ലയിൽ ഓറഞ്ച് ജാഗ്രത; അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നു. മീൻപിടുത്തത്തിന് വിലക്ക്.

**Heavy rain will continue in North Kerala; Orange alert in five districts; The water level in the dams has risen. Fishing is prohibited on Kerala coast**

5. **തിരുവനന്തപുരവും കൊല്ലവും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഇന്ന് വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഇന്ന് അവധി.**

   **In view of the continuing heavy rains, the District Collectors have announced holidays for educational institutions including professional colleges in 12 districts of Kerala**

********************************

## PRIME MINISTER –SPEECH

ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ, നൈപുണ്യ വികസനം, തൊഴിൽ എന്നീ മേഖലകളിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിൽ ബജറ്റിന് ശേഷമുള്ള 'വികസിത് ഭാരതിലേക്കുള്ള യാത്ര': സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

********************************

## WAYANAD – RESCUE OPERATION

ചരിത്രത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തത്തെയാണ് കേരളം നേരിടുന്നത്. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇതുവരെ സ്ഥിരീകരിച്ചത് 135 മരണം. വയനാട്ടിലെ ചൂരൽമലയും മുണ്ടക്കൈയും തകർന്നടിഞ്ഞിരിക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയനും ഗവർണർ ആരിഫ് മുഹമ്മദ്ഖാനും ഉൾപ്പെടെയുള്ളവർ ചൂരൽമലയിലേക്ക്

(വിശദാംശങ്ങളിലേക്ക്)

## WAYANAD – RESCUE OPERATION (VOICE)

ഇന്നലെ രാത്രിവരെ 400 ൽ കൂടുതൽ പേരെ രക്ഷാദൗത്യസേന രക്ഷപ്പെടുത്തി. വ്യോമസേന എത്തിയതോടെയാണ് മുണ്ടക്കൈ ഭാഗത്തേക്ക് രക്ഷാപ്രവർത്തകർക്ക് എത്താനായത്. മരണ സംഖ്യ ഇനിയും ഉയരുമെന്നാണ് കരുതുന്നത്. ഇതുവരെ 116 പേരുടെ പോസ്റ്റുമോർട്ടം നടപടികൾ പൂർത്തിയാക്കി. വിവിധ ആശുപത്രികളിലായി 186 പേർ ഇപ്പോൾ ചികിത്സയിലുണ്ട്. ഇന്ന് രാവിലെ മുതൽ രക്ഷാദൗത്യം പുനരാരംഭിച്ചു. ദുരന്തത്തിൽ അകപ്പെട്ടവരുടെ ജീവൻ രക്ഷിക്കാനുള്ള ശ്രമങ്ങൾ സൈനിക വിഭാഗങ്ങളുടെയും എൻ ഡി ആർ എഫ് ഏജൻസികളുടേയും നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. ബന്ധുക്കളുടെ പരാതി പ്രകാരം ഇരുനൂറിലെരെ പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇവർ ദുരിതാശ്വാസ ക്യാമ്പിലോ, ആശുപത്രികളിലോ ഉണ്ടാകാൻ സാധ്യതയുണ്ട്. വയാനാട്ടിൽ 45 ദുരിതാശ്വാസ ക്യാമ്പുകളിലായി മൂവായിരത്തിലേറെ പേർ ഇപ്പോൾ കഴിയുന്നു.സംസ്ഥാനത്താകെ 118 ദുരിതാശ്വാസ ക്യാമ്പുകളിലായി അയ്യായിരത്തിലേറെ പേർ തുടരുന്നു. മന്ത്രിമാരായ കെ.രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ സംഭവ സ്ഥലത്ത് തങ്ങി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. വയനാട്ടിലെ ദുരിതം അനുഭവിക്കുന്ന ജനങ്ങൾക്ക് സഹായം എത്തിക്കാനുള്ള പരിശ്രമം സംസ്ഥാമെമ്പാടും വിവിധ സംഘടനകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ഇന്നും ദുഖാചരണം പ്രഖ്യാപിച്ചിരിക്കുകയാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

*******************************************

## WAYANAD DEATH- CAMP

വയനാട് ഉരുൾപൊട്ടലിൽ ചാലിയാർ പുഴയിൽ നിലമ്പൂർ, മുണ്ടേരി എന്നിവിടങ്ങളിൽ നിന്നായി ഇന്നലെ രാത്രി 7.30 വരെ കണ്ടെടുത്തത് 32 മൃതദേഹങ്ങളും 25 ശരീര ഭാഗങ്ങളും. മൃതദേഹങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ നിലവിൽ 31 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്.

******************************

## RELIEF CAMP

ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിൽ 45 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. മൂവായിരത്തിലേറെ ആളുകളെ മാറ്റി താമസിപ്പിച്ചിട്ടുണ്ട്. ക്യാമ്പുകളിലും ദുരിത മേഖലകളിലും ഭക്ഷണവും മറ്റ് അവശ്യവസ്തുക്കളും എത്തിക്കുന്നതിനായി പൊതുവിതരണ വകുപ്പിന്റെയും സപ്ലൈകോയുടെയും നേതൃത്വത്തിൽ പ്രവർത്തനം നടക്കുന്നുണ്ട്.

******************************

## TOLL FREE NO- WAYAND

ദുരിതം അനുഭവിക്കുന്ന വയനാട്ടിലെ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള വസ്ത്രങ്ങൾ, സാനിറ്ററി നാപ്കിൻ തുടങ്ങിയവ വനിതാ വികസന കോർപറേഷൻ വയനാട്ടിൽ എത്തിക്കും. ഇത്തരത്തിലുള്ള സഹായം നൽകാൻ ടോൾഫ്രീ നമ്പരായ 181 ൽ വിളിക്കാം.

******************************

## RAIN KERALA

വടക്കൻ കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. മധ്യകേരളത്തിലും ശക്തമായ മഴയുണ്ടാകും. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത തുടരുന്നു. മറ്റു ജില്ലകളിലും ഒറ്റപ്പെട്ട മഴയുണ്ടാകും.കേരളം, -കർണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിക്കാൻ പോകരുത്. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറി താമസിക്കണം. മലയോര മേഖലയിലേക്ക് രാത്രിസഞ്ചാരം പൂർണമായും ഒഴിവാക്കണം.

*********************************

## CM- WAYANAD

അതിദാരുണമായ പ്രകൃതി ദുരന്തമുണ്ടായ വയനാട്ടിൽ സാധ്യമായ എല്ലാ മാർഗവും ഉപയോഗിച്ച് രക്ഷാപ്രവർത്തനം തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്ത വിവരമറിഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം നേരിട്ട് വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചു. സഹായം വാഗ്ദാനം ചെയ്തു. കേരളത്തിലെ പ്രതിപക്ഷവും ഒന്നിച്ച് പ്രവർത്തിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

*********************************

## RELIEF FUND- CM

വയനാട്ടിലെ ദുരിത ബാധിതർക്ക് സഹായം നൽകാൻ ആഗ്രഹിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേന സഹായം നൽകാം. ദുരിതാശ്വാസ സഹായമായി

സാധനങ്ങൾ വാങ്ങിയവർ അതാത് ജില്ലയിലെ കളക്ടറേറ്റിൽ 1077 എന്ന നമ്പറിൽ അറിയിക്കണം.

******************************

## GEORGE KURYAN

കേരളത്തിന് എല്ലാ സഹായവും ഉറപ്പുനൽകുന്നതായും പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രിയും സ്ഥിതി നിരന്തരം നിരീക്ഷിച്ചുവരുന്നതായും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ അറിയിച്ചു. NDRF ന്റെ രണ്ടു സംഘങ്ങൾ, കരസേനയുടെ സംഘങ്ങൾ, വ്യോമസേനയുടെ രണ്ടു ഹെലികോപ്റ്ററുകൾ എന്നിവ വിന്യസിച്ചിട്ടുണ്ട്. ബെയ്‌ലി പാലങ്ങൾ നിർമിക്കാൻ മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പിനെ നിയോഗിച്ചതായി കേന്ദ്രസഹമന്ത്രി പറഞ്ഞു. സൈന്യത്തിന്റെ ഡോഗ് സ്ക്വാഡും സ്ഥലത്തെത്തും. സേന വിഭാഗത്തിന്റെ കണ്ണൂർ DSC കേന്ദ്രവും രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുന്നു. സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനായി ആഭ്യന്തര മന്ത്രാലയത്തിൻ്റെ രണ്ട് കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

******************************

## GR ANIL – WAYAND

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ പിന്തുണയും ഉറപ്പാക്കാൻ പൊതുവിതരണ വകുപ്പിലെയും സപ്ലൈകോയിലെയും ഉദ്യോഗസ്ഥർക്ക് ഭക്ഷ്യമന്ത്രി ജി ആർ അനിൽ നിർദ്ദേശം നൽകി.

******************************

## RAIN - HOLIDAY

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ 12 ജില്ലകളിൽ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കലക്ടർമാർ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരവും കൊല്ലവും ഒഴിച്ചുള്ള ജില്ലകളിലാണ് അവധി പ്രഖ്യാപിച്ചത്.

******************************************

## PSC EXAM - RAIN

കാലവർഷ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പിഎസ്സി ഇന്ന് മുതൽ ആഗസ്റ്റ് രണ്ടുവരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മലപ്പുറം, തൃശൂർ ജില്ലകളിലെ അഭിമുഖവും മാറ്റിവച്ചു. ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സൂപ്രണ്ട് തസ്തികയിലേക്കുള്ള പരീക്ഷ ആഗസ്റ്റ് ഒമ്പതിന് നടത്തും. മറ്റ് പരീക്ഷകളുടെ പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും. ആരോഗ്യ സർവകലാശാലയും കേരള, എംജി സർവകലാശകളും ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി. സഹകരണ യൂണിയൻ കേന്ദ്ര പരീക്ഷാ ബോർഡ് ഇന്നും ആഗസ്റ്റ് രണ്ടിനും നടത്താനിരുന്ന എച്ച്ഡിസി ആൻഡ് ബിഎം കോഴ്സിന്റെ പരീക്ഷ കളും മാറ്റിവച്ചു.

******************************************

## STATE MOURNING

സംസ്ഥാനത്ത് ഇന്നും ഔദ്യോഗിക ദുഃഖാചരണം തുടരും. സംസ്ഥാനമൊട്ടാകെ ദേശീയപതാക പകുതി താഴ്ത്തിക്കെട്ടണം. സർക്കാർ നിശ്ചയിച്ച പൊതുചടങ്ങുകളും ആഘോഷ പരിപാടികളും മാറ്റിവയ്ക്കണമെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

******************************

## GOVERNOR - WAYANAD VISIT

ഗവർണർ ആരിഫ് മൊഹമ്മദ്ഖാനും മുഖ്യമന്ത്രി പിണറായി വിജയനും ഇന്ന് വയനാട്ടിലെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കും. ഇന്ന് പകൽ 11 ന് ഗവർണർ ദുരിതബാധിത പ്രദേശങ്ങളിലെത്തും.

******************************

## WAYANAD RAHUL GANDHI VISIT

രാഹുൽ ഗാന്ധിയുടെ വയനാട് സന്ദർശനം റദ്ദാക്കി. പ്രതികൂല കാലാവസ്ഥ മൂലം വിമാനം ഇറക്കാൻ സുരക്ഷിതമല്ലാത്തതിനാലാണ് സന്ദർശനം മാറ്റിവച്ചതെന്ന് അദ്ദേഹം ഇന്നലെ വൈകി സമൂഹ മാധ്യമത്തിൽ കുറിച്ചു.

******************************

## CHIEF SECRETARY - WAYANAD

പൊലീസ്, ഫയർ ആൻഡ് സേഫ്റ്റി, റവന്യൂ, ആരോഗ്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ വകുപ്പുകളിലെയും ദീർഘകാല അവധിയിലല്ലാത്ത ജീവനക്കാർ അവധി റദ്ദാക്കി ജോലിയിൽ തിരികെ പ്രവേശിക്കാൻ ചീഫ് സെക്രട്ടറി നിർദേശിച്ചു.

******************************

## CONTROL ROOM

വയനാട്ടിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ തുറന്നു. 96 56 93 86 89 എന്ന നമ്പറിലോ 80 86 01 08 33 എന്ന നമ്പറിലോ ആരോഗ്യവകുപ്പിൻറെ കൺട്രോൾ റൂമുകളിൽ ബന്ധപ്പെടാം. പൊലീസ് ആസ്ഥാനത്തും പ്രത്യേക

കൺട്രോൾ റൂം തുറന്നു. 94 97 90 04 02 , 9656 938 689, 8086 010 833 എന്നീ നമ്പറുകളിലും 0471 2 72 15 66 എന്ന നമ്പറിലും സേവനം ലഭ്യമാകും. 1077 എന്ന ടോൾഫ്രീ നമ്പരിൽ വയനാട് ജില്ലാഭരണകൂടവും കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്.

*******************************

## WATER LEVEL – JALA COMMISSION

നദികളിലെ ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ കേന്ദ്ര ജലകമീഷൻ ഓറഞ്ച്, മഞ്ഞ ജാഗ്രതകൾ പ്രഖ്യാപിച്ചു. എറണാകുളം കാളിയാർ, തൃശൂർ കീച്ചേരി, പാലക്കാട് പുലംതോട്, കോഴിക്കോട് കുറ്റ്യാടി എന്നിവിടങ്ങളിലാണ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചത്. കരമന, പമ്പ, തൊടുപുഴ, തൃശൂർ ഗായത്രി കൊണ്ടാഴി സ്റ്റേഷൻ, ചാലക്കുടി, മലപ്പുറം ചാലിയാർ, കുതിരപ്പുഴ എന്നിവിടങ്ങളിൽ മഞ്ഞ ജാഗ്രതയാണ്.

************************************************************************************************************